**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1766** **04.10.2016 - ൽ മറുപടിക്ക്**

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ നിയമനം

**ചോദ്യം**

**ശ്രീ.റ്റി.വി.രാജേഷ്**

**മറുപടി**

**ശ്രീ. എ.സി.മൊയ്തീൻ**
**(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് വി.ഇ.ഒ.മാരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് എത്ര ഒഴിവുകൾ ഉണ്ട്, എത്ര പേർക്ക് നിയമനം നൽകി, എൻ.ജെ.ഡി. ഉൾപ്പെടെ എത്ര ഒഴിവുകൾ ഈ വിഭാഗത്തിലുണ്ട് എന്നീ വിവരങ്ങൾ നൽകുമോ; ഈ വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകണമെന്ന് പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ? | (എ) | വി.ഇ.ഒ മാരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് എൻ.ജെ.ഡി ഉൾപ്പെടെ 31.08.2016 വരെ 136 ഒഴിവുകൾ നിലവിലുണ്ട്. 25.06.2015-ലെ പി.എസ്.സിയുടെ നിയമന ശുപാർശ പ്രകാരം 28 പേർ ജോലിക്ക് ഹാജരായിട്ടുണ്ട്. 39 പേർ എൻ.ജെ.ഡി ആണ്. വി.ഇ.ഒ.മാരിൽ നിന്നും ബൈ ട്രാൻസഫർ നിയമനത്തിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള 99 ഒഴിവുകളും യു.ഡി.സി, യു.ഡി.റ്റി മാരിൽ നിന്നും ബൈട്രാൻസ്ഫർ നിയമനത്തിനായി മാറ്റി വയ്ക്കപ്പെട്ട 35 ഒഴിവുകളും ചേർത്ത് 134 ഒഴിവുകളിൽ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകണമെന്ന് പി.എസ്.സിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 05.09.2016-ൽ ഒ.എ.634/2016 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധി തീർപ്പ് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ